പുതുതായി രൂപീകരിച്ച ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പ്രവർത്തനശൈലി

15 (3751) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിലിന് നിലവിലുണ്ടായിരുന്ന സമിതിയിൽ നിന്നും പ്രവർത്തനങ്ങളിൽ എന്ത് വ്യത്യാസമാണുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോഴത്തെ കൗൺസിലിന്റെ ഘടന, പ്രവർത്തനം, കാലാവധി എന്നിവയെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പുതിയ കൗൺസിൽ നിലവിൽ വന്നശേഷം ഏറ്റെടുത്തിട്ടുള്ളതെന്നും നടപ്പാക്കിയിട്ടുള്ളതെന്നുമുള്ളതിന്റെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കമ്മിറ്റി (സ്റ്റെക്ക്) സർക്കാരിന്റെ ഒരു സമിതി മാത്രമായിരുന്നു. സമിതിയുടെ കീഴിൽ ഏഴ് ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വന്നിരുന്നത്. ഇവ ഓരോന്നും തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധാർമ്മിക സംഘ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്വയംഭരണ സ്ഥാപനങ്ങളായിരുന്നു. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു സ്വയംഭരണ സ്ഥാപനമായി മേൽപ്പറഞ്ഞ നിയമപ്രകാരം രജിസ്റ്റർ ചെയ്യുകയും മുൻപ് സ്റ്റെക്കിന്റെ കീഴിൽ ഉണ്ടായിരുന്ന ഏഴ് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളെ കൗൺസിലിൽ സംയോജിപ്പിച്ച് ഏകീകൃത നിയമത്തിൻകീഴിൽ കൊണ്ടുവന്നിരിക്കയുമാണ്. കൗൺസിൽ നിലവിൽ വന്നതോടെ ഓരോ ശാസ്ത്ര ഗവേഷണ സ്ഥാപനത്തിന്റെയും വ്യക്തിത്വം നിലനിർത്തിക്കൊണ്ടു തന്നെ അവയുടെ പ്രവർത്തനങ്ങളിൽ കേന്ദ്രീകൃത നിയന്ത്രണം ഏർപ്പെടുത്താനും അതുവഴി അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും ശാസ്ത്ര-സാങ്കേതിക മേഖലകളിൽ നേട്ടങ്ങളുണ്ടാക്കുവാനും സാധിക്കും.

(ബി) മുഖ്യമന്ത്രി പ്രസിഡന്റും, ഏഴു മന്ത്രിമാരും പ്ലാനിംഗ് ബോർഡ് ഉപാദ്ധ്യക്ഷൻ വൈസ്പ്രസിഡന്റുമാരും മറ്റു 16 അംഗങ്ങളും ഒരു എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റും ഒരു മെമ്പർസെക്രട്ടറിയും ഉൾപ്പെട്ടതാണ് കൗൺസിലിലെ സമിതി. ഇപ്പോഴത്തെ സമിതിയിലെ അംഗങ്ങളുടെ വിശദവിവരം അനുബന്ധമായി † വച്ചിട്ടുണ്ട്. സമിതിയിലെ അനൗദ്യോഗികാംഗങ്ങളുടെ കാലാവധി 3 വർഷമാണ്. കൗൺസിലിന്റെ പ്രവർത്തന ലക്ഷ്യങ്ങളുടെ വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ കൗൺസിൽ നിലവിൽ വന്നശേഷം ഏറ്റെടുത്തു നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.*

തിരുവനന്തപുരത്തെ രാജീവ്ഗാന്ധി ബയോടെക്നോളജി സെന്റർ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്താൻ നടപടി

16 (3752) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ രാജീവ് ഗാന്ധി ബയോടെക്നോളജി സെന്റർ ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നകാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രഗവൺമെന്റിന്റെ ബയോടെക്നോളജി വകുപ്പ് രാജീവ് ഗാന്ധി ബയോടെക്നോളജി സെന്ററിന് നൽകുന്ന പ്രോഗ്രാം സപ്പോർട്ട് 2004 ഡിസംബർ വരെ നീട്ടി തന്നിട്ടുണ്ട്. ഈ കാലാവധി തീരുന്ന മുറയ്ക്കേ ടി സെന്ററിനെ നാഷണൽ സെന്ററായി ഉയർത്തുന്ന കാര്യം പരിഗണക്കൂ എന്നാണ് നേരത്തെ തീരുമാനിച്ചിരുന്നതെങ്കിലും ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വരുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

ഭരണ നവീകരണ പദ്ധതി

17 (3753) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഭരണ നവീകരണ പദ്ധതിയുടെ ഉദ്ദേശങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

(ബി) ഈ പദ്ധതി ഏതൊക്കെ മേഖലകളിൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) എ.ഡി.ബി.യുടെ നിർദ്ദേശമനുസരിച്ചാണോ ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഡി) എത്ര കോടി രൂപയാണ് ഈ പദ്ധതിയിൽ ചിലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly